43

# വിവാദത്തെ കൈകാര്യം ചെയ്യുന്നതിനു കൂടുതൽ രഹസ്യവിവരങ്ങൾ

## (15:13- 35)

വിവാദ വൈരൂപ്യം അന്ത്യോക്ക്യയിൽ തല പൊക്കിയിരുന്നു. യെരുശലേമിൽ നിന്നു സഹോദരന്മാർ വന്ന് ജാതികളെ പരിച്ഛേദന കഴിപ്പാനും മോശെയുടെ പ്രമാണം ആചരിപ്പാനും നിർബ്ബന്ധിച്ചു. ഒരു സങ്കീർണ്ണ നിമിഷമായിരുന്നു അത്. വിവാദം ശരിയായി കൈകാര്യം ചെയ്തിരുന്നില്ലെങ്കിൽ, സഭ മദ്ധ്യത്തിൽ ഭിന്നിക്കുമായിരുന്നു – യെഹൂദ ക്രിസ്ത്യാനികൾ ഒരു ഭാഗത്തും മറുഭാഗത്തു ജാതികൾ ക്രിസ്ത്യാനികളായവരും. പൗലൊസും ബർന്നബാസും മടുത്തു പോകയും ചെയ്തേ നെ. അവർ പറഞ്ഞിരിക്കാം, “യെഹൂദക്രിസ്ത്യാനികളുടെ ദുരഭിമാനം കൈകാര്യം ചെയ്തു ഞങ്ങൾ മടുത്തു; ഞങ്ങൾ പട്ടണത്തിനു പുറത്തു പോയി ജാതികളുടെ ഇടവകകൾ സ്ഥാപിക്കാൻ പോകയാണ്.” പകരം, അവർ തങ്ങളുടെ ആത്മ സംയമനത്തോടെ അഭിപ്രായവ്യത്യാസം പരിഹിരിക്കുന്നതിനു യെരുശലേമിലേക്കുപോയി.

വിവാദത്തെ കൈകാര്യം ചെയ്യുന്നതിനുള്ള തത്വങ്ങൾ പ്രവൃത്തി 15:1–35–ൽ നിന്നുള്ള പഠനം നമുക്കു തുടരാം. പൗലൊസിനേയും ബർന്നബാസിനേയും പോലെ, നാമും ഐക്യത അന്വേഷിക്കേണ്ടവരാണ് (മത്തായി 5:9).

## പുസ്തകത്തോട് അടുത്തിരിക്കുക
## (15:13-19)

യാക്കൊബിന്റെ സംസാരമദ്ധ്യേ, വിവാദങ്ങളിലെ, എല്ലാം നാം ദൈവ വചനത്തോട് അടുത്തിരിക്കണം എന്നു പറഞ്ഞുകൊണ്ടാണ്, നാം നമ്മുടെ കഴിഞ്ഞ പാഠം അവസാനിപ്പിച്ചത്. ആ സത്യത്തെ നമുക്ക് അമി തമായ ഊന്നൽ കൊടുത്തു പറയാൻ സാദ്ധ്യമല്ല. ആശയം എത്ര തന്നെ ആകർഷണീയമായി തോന്നിയാലും, അതു ബൈബിളുമായി യോജിക്കു ന്നതല്ലെങ്കിൽ അതു ദൈവത്തെ പ്രസാദിപ്പിക്കയില്ല.

യാക്കൊബ്, ആമോസ് 9:11, 12 ഉദ്ധരിച്ച് കൊർന്നെല്യോസിന്റെയും ഭവനത്തിന്റെയും പരിവർത്തനം പ്രവചന നിവർത്തീകരണം ആയിരുന്നു എന്നു തെളിയിച്ചു. യാക്കൊബ് തന്റെ ഉദ്ധരണിയോടെ തുടർന്ന പ്രസംഗം നമുക്ക് എടുക്കാം:

> "അനന്തരം ഞാൻ ദാവീദിന്റെ വീണുപോയ കൂടാരത്തെ വീണ്ടും പണിയും, അതിന്റെ ശൂന്യശിഷ്ടങ്ങളെ വീണ്ടും പണിതു അതിനെ നിവർത്തും, മനുഷ്യരിൽ[1] ശേഷിച്ചവരും എന്റെ നാമം[2] വിളിച്ചിരി ക്കുന്ന സകലജാതികളും കർത്താവിനെ അന്വേഷിക്കും" എന്നതു പൂർവ്വകാലം മുതൽ അറിയിക്കുന്ന കർത്താവ് അരുളിച്ചെയ്യുന്നു (15:16–18).[3]

ദാവീദിന്റെ വാഴ്ച്ച പുനരേകീകരിക്കുന്നത് പ്രവചനത്തിൽ പറഞ്ഞ് – യേശു തേജസ്ക്കരിക്കപ്പെട്ട് സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ നിറവേറി[4] – ഇങ്ങനെ സംഭവിക്കുന്നതുകൊണ്ട് "മനുഷ്യരിൽ ശേഷിച്ചവർ" എന്നതു പ്രത്യേകമായി "സകലജാതികളേയും" ഉദ്ദേശിച്ച് പറഞ്ഞാണ്.

ക്രിസ്തീയ യുഗത്തിൽ ദൈവത്തിന്റെ പദ്ധതിയിലും ഉദ്ദേശത്തിലും ജാതികളെക്കൂടെ ഉൾപ്പെടുത്തിയിരിക്കുന്നു എന്നു യാക്കൊബ് തെളി യിച്ചു, എന്നാൽ അതെങ്ങനെ ജാതികളെ പരിച്ഛേദനകഴിപ്പിക്കുക എന്ന തുമായി ബന്ധപ്പെട്ടു ന്യായപ്രമാണം ആചരിക്കുന്നതാകും? യാക്കൊ ബിന്റെ തീരുമാനം നിശബ്ദതയിൽ നിൽക്കുകയായിരുന്നു. ആമോസ് തറപ്പിച്ചു പറഞ്ഞത് ജാതികൾക്കും ദൈവ പദ്ധതിയിൽ, സ്ഥാനമുണ്ടെ ന്നായിരുന്നു. എന്നാൽ ആ പദ്ധതിയിൽ ആകുവാൻ ജാതികൾ ആദ്യം യെഹൂദനാകണമെന്നു പ്രവാചകൻ പറഞ്ഞില്ല. യാക്കൊബ് ഉപസംഹരി ക്കുന്നു, "ആകയാൽ ജാതികളിൽ നിന്നു ദൈവത്തിങ്കലേക്കു തിരിയു ന്നവരെ നാം അസഹ്യപ്പെടുത്താതെ ഇരിക്കണം" (വാക്യം 19).[5] നാം കഴിഞ്ഞ പാഠത്തിൽ കണ്ടതുപോലെ ഇതിന്റെ അർത്ഥം, "നാം ജാതി കളും ക്രിസ്ത്യാനികളായവരുടെ മേൽ പരിച്ഛേദനയും ന്യായപ്രമാണവും അടിച്ചേല്പിക്കരുത്."

## മറ്റുള്ളവരുടെ വികാരങ്ങളോട്
## മൃദു സമീപനം ഉള്ളവരാകുക (15:20, 21)

"അതുകൊണ്ട്, ഇങ്ങനെയായിരിക്കണം അത്" എന്നല്ല, യാക്കൊബ് പറഞ്ഞത്. മറിച്ച്, അവൻ പറഞ്ഞു, "അതുകൊണ്ട്, എന്റെ *അഭിപ്രായം*

[അങ്ങനെ ആയിരിക്കണം അത്]." യോഗത്തെ ആ തീരുമാനം അടിച്ചേല്പിച്ചില്ല, എതിർപ്പു കാഴ്ച്ചപ്പാടുള്ളവരെ ബഹുമാനിച്ചു കൊണ്ട്, അവർക്ക് കൊടുക്കേണ്ട മാന്യത കൊടുത്തു. മറ്റുള്ളവരുടെ വികാരങ്ങളോട് മൃദു സമീപനം തുടർ സംഭവങ്ങളിലും കാണാം.

എല്ലാ പ്രായോഗിക ഉദ്ദേശങ്ങൾക്കും, പ്രശ്നത്തിന്റെ ഉപദേശ വശം പരിഹരിക്കപ്പെട്ടു; പത്രൊസും, പൗലൊസും, ബർന്നബാസും, യാക്കൊബും എല്ലാം ഒരേ തീർപ്പിൽ എത്തി. പ്രശ്നത്തിന്റെ പ്രായോഗിക വശം, എങ്ങനെയായാലും ഇനിയും അഭിമുഖീകരിക്കണം. ആയുഷ്ക്കാലം മുഴുവൻ ന്യായപ്രമാണം പിടിച്ചിരുന്ന യെഹൂദന്മാർ എങ്ങനെ ഒരിക്കലും ന്യായപ്രമാണം പാലിക്കാതെ ജാതികളിൽ നിന്നുള്ള ക്രിസ്ത്യാനികളുമായി യോജിച്ചുപോകും? യാക്കൊബ് തന്റെ പ്രസംഗം അവസാനിക്കുന്നതുപോലെ, കൂടി വന്നവരോട് അതു അവന്റെ അഭിപ്രായമായി പറയാനും മറന്നില്ല "അവർ വിഗ്രഹമാലിന്യങ്ങൾ, പരസംഗം, ശ്വാസം മുട്ടി ചത്തതും, രക്തം എന്നിവ വർജ്ജിച്ചിരിപ്പാൻ നാം അവർക്കു എഴുതേണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു" (വാക്യം 20).

20-ാം വാക്യത്തിലെ രണ്ടുകാര്യങ്ങൾ അടിസ്ഥാനപരമായി വിലക്കിയ മൂന്നു കാര്യങ്ങളാൽ അവസാനത്തെ രണ്ടു കാര്യങ്ങൾ മിക്കവരും സമ്മതിക്കും: ആദ്യത്തേത് "വിഗ്രഹമാലിന്യങ്ങൾ" പിന്നീട് ഇതു വിഗ്രഹങ്ങൾക്കു മുൻപിൽ യാഗം കഴിച്ചതാണ്" (വാക്യം 29), ഇതു വിഗ്രഹങ്ങളുടെ മുൻപിൽ യാഗമർപ്പിച്ച മാംസത്തെയാണ് സൂചിപ്പിക്കുന്നത്. ഇതിന്റെ ഒരു ഭാഗം മാംസം മാത്രമെ യാഗപീഠത്തിന്മേൽ ദഹിപ്പിക്കയുള്ളു. ശേഷിച്ച ഭാഗം ഒന്നുകിൽ ക്ഷേത്ര പുരോഹിതൻമാർ തിന്നും അല്ലെങ്കിൽ യാഗം അർപ്പിക്കുന്നവൻ തിന്നും. അവയിൽ ചിലതു ചന്തയിൽ വില്ക്കും. അതു നല്ല ഗുണനിലവാരമുള്ളതുകൊണ്ട് അതിനു നല്ല വിലയും കിട്ടും. മിക്ക ജാതികളിൽ നിന്നുള്ള ക്രിസ്ത്യാനികളും ആയുഷ്ക്കാലം മുഴുവൻ ഇതു തിന്നു ശീലിച്ചവരാണ്, എന്നാൽ യെഹുദക്രിസ്ത്യാനികൾ അങ്ങനെ ആയിരുന്നില്ല – അങ്ങനെ ചെയ്യുന്നതു അവർക്കു എതിർപ്പുമായിരുന്നു. രണ്ടാമതു വിലക്കിയത് "ദുർന്നടപ്പ്" ആയിരുന്നു. അല്ലെങ്കിൽ അവിഹിത ലൈംഗിക ബന്ധമായിരുന്നു,[6] എല്ലായ്പ്പോഴും ദൈവം വിലക്കിയ ഒന്നായിരുന്നു ദുർന്നടപ്പ്, എന്നാൽ അതു ഉപദ്രവമില്ലാതെ മിക്ക ജാതികളും അവരെ വ്യത്യസ്തമായി പഠിപ്പിക്കുന്നതുവരെ തുടർന്നുവരികയായിരുന്നു. സെനെക്കാ, അയാളുടെ കാലത്തെ ലൈംഗിക അധാർമ്മികതയെക്കുറിച്ചു[7] എഴുതി, "നിഷ്ക്കളങ്കത അപൂർവ്വം; അത് നിലവിൽ – ഇല്ലായിരുന്നു."[8]

മൂന്നാമത് വിലക്കിയത്, "ശ്വാസം മുട്ടി ചത്തതും രക്തവും" പിന്നീടുള്ള നൂറ്റാണ്ടുകളിൽ, വ്യാഖ്യാതാക്കൾ "രക്തം" എടുത്ത് കുലപാതകമാണെന്നു സൂചിപ്പിച്ചിരുന്നു, എന്നാൽ പ്രവൃത്തികൾ 15ലെ പ്രയോഗമായ "ശ്വാസം മുട്ടി ചത്തതും രക്തവും" ഒരുപക്ഷേ ജാതികൾക്കിടയിൽ പൊതു പരിശീലനമായിരുന്ന രക്തത്തോടുകൂടി മാംസം ഭക്ഷിച്ചിരുന്നതും മൃഗ രക്തം കുടിച്ചിരുന്നതും ആകാം.[9] ഒരു യെഹൂദൻ ഒരു മൃഗത്തെ കൊന്നാൽ, അതിന്റെ രക്തം മുഴുവൻ വാർന്നു പോകാൻ കിടത്തും,[10] രക്തം ഒന്നുകിൽ തറയിലോ അല്ലെങ്കിൽ യാഗപീഠത്തിലേക്കോ ഒഴുക്കും[11] (ലേവ്യാപു

സ്തകം 17:10–14; ആവർത്തന പുസ്തകം 12:16, 23–25) – കാരണം ദൈവം പഠിപ്പിച്ചു. ''മാംസത്തിന്റെ ജീവൻ രക്തത്തിലല്ലൊ ഇരിക്കുന്നത്'' (ലേവ്യാപുസ്തകം 17:11). ജാതിയിൽപെട്ട ഒരാൾ പാചകം ചെയ്ത മാംസം മന:സാക്ഷിയുള്ള ഏതൊരു യെഹൂദനും സംശയിക്കും.

ഈ മൂന്നെണ്ണം മാത്രം യാക്കൊബ് എടുത്തു വിലക്കുവാൻ കാരണമെന്തെന്ന് നമുക്കു തീർച്ചയില്ല, എന്നാൽ നമുക്കു വിദ്യാഭ്യാസ ഊഹങ്ങൾ നടത്താം: ഒന്നാമത്, വിലക്കിയത് ജാതികളുടെ പൊതുവായ പരിശീലനങ്ങളെ പ്രതിനിധീകരിച്ചവയാണ്, ജാതികൾ ക്രിസ്ത്യാനികളായപ്പോഴും ഒരു പക്ഷേ അവരെ പഠിപ്പിച്ചെടുക്കുന്നതുവരെ അവ തുടർന്നിരിക്കാം[12] രണ്ടാമതു, യാക്കൊബ് വിലക്കിയ മൂന്നു പരിശീലനങ്ങളും സഭയിൽ യെഹൂദന്മാരും ജാതികളും തമ്മിലുള്ള ബന്ധത്തെ ബാധിച്ചിരുന്നു. മൂന്നിൽ രണ്ടും ദൈവഭവനത്തിലെ "മേശയിലെ കൂട്ടായ്മ" യെ ബാധിച്ച സുപ്രധാന പരിശീലനങ്ങളായിരുന്നു. മൂന്നാമത്, അവ മൂന്നും യെഹൂദന്മാരുടെ പരിശീലനമായിരുന്നില്ല. മോശെയുടെ ന്യായപ്രമാണത്തിനു മുൻപുതന്നെ വിഗ്രഹാർപ്പിതവും ദുർന്നടപ്പും രക്തം ഭക്ഷിക്കുന്നതും തെറ്റായിരുന്നു. ജാതികളിൽ കാണുന്ന ഈ പരിശീലനം ജലപ്രളയ കാലം മുതലായിരുന്നതാണ്,[13] അതുകൊണ്ട് ജാതികൾ ഈ മൂന്നു പരിശീലനവും വർജ്ജിക്കേണം എന്നു പറഞ്ഞു. അവർ ന്യായ പ്രമാണം അനുസരിക്കേണ്ടതില്ല എന്നും യാക്കൊബ് പറഞ്ഞു.

ഫലത്തിൽ, യാക്കൊബ് ജാതികളായിരുന്ന ക്രിസ്ത്യാനികളോടായി പറഞ്ഞത്, "യെഹൂദക്രിസ്ത്യാനികളായ ഞങ്ങളുടെ ന്യായപ്രമാണം അനുസരിക്കുന്നതിനു പകരം ഞങ്ങൾക്കു അസുഖകരമായ നിങ്ങളുടെ പരിശീലനങ്ങൾ വർജ്ജിക്കുക" സഹോദരന്മാരുടെ വികാരങ്ങളെ കൈകാര്യം ചെയ്യുമ്പോൾ നാം മൃദുത്വം ഉള്ളവരാകണം.

മൃദുത്വത്തിന്റെ അവസാനഭാഗത്തോടെയാണ് യാക്കൊബ് നിർത്തുന്നത്. ന്യായപ്രമാണം ജാതികളിൽ അടിച്ചേല്പിച്ച യെഹൂദന്മാർ ഭയപ്പെട്ടത് അധികം താമസിയാതെ മോശെ പഠിപ്പിച്ചതെല്ലാം ആളുകൾ മറന്നുപോകും എന്നതാണ്: യാക്കൊബ് അവരോട് പറഞ്ഞു, വിഷമിക്കരുത്: "മോശെയുടെ ന്യായപ്രമാണം ശബ്ബത്തുതോറും പള്ളികളിൽ വായിച്ചു വരുന്നതിനാൽ പൂർവ്വകാലം മുതൽ പട്ടണം തോറും അതു പ്രസംഗിക്കുന്നവർ ഉണ്ടല്ലൊ" (വാക്യം 21).[14]

## കൃപയോടു കൂടി വഴങ്ങികൊടുക്കാൻ - കഴിയുക (15: 22, 25)

യാക്കൊബ് അവസാനിപ്പിച്ചപ്പോൾ, ശ്രദ്ധേയവും അത്ഭുതകരവുമായതു സംഭവിച്ചു: സഭ മുഴുവൻ ഒരു യോജിപ്പിലെത്തി. വാക്യം 22 പറയുന്നു ''അപ്പോൾ തങ്ങളിൽ ചില പുരുഷന്മാരെ തിരഞ്ഞെടുത്തു പൗലൊസിനോടും ബർന്നബാസിനോടും കൂടെ അന്ത്യോക്ക്യയിലേക്കു അയക്കേണം എന്നു അപ്പൊസ്തലന്മാരും മൂപ്പന്മാരും *സർവ്വ സഭയും* നിർണ്ണയിച്ചു സഹോദരന്മാരിൽ പ്രമാണപ്പെട്ട പുരുഷന്മാരായ ബർശബാസ് എന്ന യൂദയെയും ശിലാസിനേയും നിയോഗിച്ചു'' (എംഫസിസ് മൈൻ). എഴുത്തിൽ, അവർ കുറിച്ചതു "നന്നായി എന്നു

ഞങ്ങൾക്കു തോന്നി, "*ഏക മനസ്സുള്ളവരായി തീർന്നു*" (വാക്യം 25; എംഫസിസ് മൈൻ) – സ്പഷ്ടമായും, പരിഛേദന – നിർബ്ബന്ധിച്ചവർ ദൈവശ്വാസിയരായിരുന്ന പത്രൊസിനോടും പൗലൊസിനോടും, ബർന്ന ബാസിനോടുനോയോജിച്ചു.[15] അതു അങ്ങനെ എങ്കിൽ (അതു പോലെ യാണെന്ന് തോന്നുന്നു), ഇന്ന് ചില വഴികൾ അല്ലെങ്കിൽ "മെറ്റൊന്ന്" വേണമെന്നു ശഠിക്കുന്നവരേക്കാൾ വലിയവർതന്നെയായിരുന്നു അവർ. പ്രശ്നത്തിൽ പോലും[16] ആഭിപ്രായം ഏകമനസിലാകേണ്ടതിനു നാം അവ രുടെ ഇഷ്ടത്തെ മാനിക്കണം.

### അതു വ്യക്തിപരമായി സൂക്ഷിക്കുക (15:22-29)

എഴുത്ത് അയക്കാൻ "അപ്പൊസ്തലന്മാരും, മൂപ്പന്മാരും, സർവ്വസഭ യും" നിർണ്ണയിച്ച് "പുരുഷന്മാരെ തിരഞ്ഞെടുത്ത് പൗലൊസിനോടും ബർന്നബാസിനോടും കൂടെ അന്ത്യോക്യയിലേക്ക് അയക്കാനും തീരു മാനിച്ചു" (വാക്യം 22). ആ തീരുമാനത്തിലെ ബുദ്ധി നാം കാണുന്നു. പൗലൊസും ബർന്നബാസും മാത്രം ആ എഴുത്തുകൊണ്ടു പോയി രുന്നുവെങ്കിൽ സംശയാലുക്കൾ പറയും ആ എഴുത്ത് അവർ തന്നെ എഴുതിയതാണെന്ന്. പ്രതിനിധികളെ കൂടെ അയച്ചതുകൊണ്ട് ആ സാദ്ധ്യത നീക്കി കളഞ്ഞു. "സഹോദരന്മാരിൽ പ്രമാണപ്പെട്ട പുരുഷ ന്മാരായ ബർശബാസ് എന്നുവിളിക്കുന്ന യൂദയും,[17] ശീലാസും,[18] സഹോ ദരന്മാർക്കിടയിലെ പ്രമുഖരായിരുന്നു"[19] (വാക്യം 22). അവർ പ്രവാചക ന്മാരുമായിരുന്നു (വാക്യം 32). എന്തിനാണ് അവരെ അയച്ചതെന്ന് എഴുത്തു വ്യക്തമാക്കുന്നു: "ആകയാൽ ഞങ്ങൾ യൂദയേയും ശീലാ സിനേയം അയച്ചിരിക്കുന്നു. അവർ വാമൊഴിയായും ഇതുതന്നെ അറി യിക്കും" (വാക്യം 27). കൊടുത്തയക്കുന്ന എഴുത്ത് ശരിയായതാണെന്ന് ഉറപ്പിക്കുവാനു അവർക്കുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയുവാനും യൂദയ്ക്കും ശീലാസിനും കഴിയുമായിരുന്നു.

എഴുത്തു ദൈവശ്വാസിയമായിരുന്നു എന്നു ശ്രദ്ധിക്കുക. എഴു ത്തിന്റെ അവസാനം, "അധികമായ ഭാരം ഒന്നും നിങ്ങളുടെ മേൽ ചുമ ത്തരുതു എന്നു *പരിശുദ്ധാത്മാവിനും* ഞങ്ങൾക്കും തോന്നിയിരിക്കുന്നു ..." (വാക്യം 28; എംഫസിസ് മൈൻ). അറിയിപ്പെടുന്ന ആദ്യത്തെ ദൈവ ശ്വാസിയലേഖനമാണിത്. ആ യെരുശലേമിലെ യോഗം ഇന്നത്തെ നാമീയ വിഭാഗങ്ങളുടെ കൗൺസിലുകളിൽ നിന്നും സമ്മേളനങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു എന്നതിന്റെ മറ്റൊരു തെളിവാണിത്: ഇന്നത്തെ യോഗങ്ങൾക്കൊണ്ടും *പരിശുദ്ധാത്മ* – ശ്വാസീയ രേഖകൾ തയ്യാറാക്കാൻ സാദ്ധ്യമല്ല.

മൃദുലമനോഭാവമോരോന്നായി, എഴുത്തു തുടങ്ങുന്നതു അങ്ങനെ വന്ദ നത്തോടെയാണ്: "അപ്പൊസ്തനലന്മാരും മൂപ്പന്മാരായ സഹോദരന്മാരും അന്ത്യോക്ക്യയിലും, സുറിയയിലും[20] കിലിക്യയിലും ജാതികളിൽ നിന്നു ചേർന്ന സഹോദരന്മാർക്കു വന്ദനം" (വാക്യം 23). അന്ത്യോക്യ യിലാണ് വിവാദം ആരംഭിച്ചത്, അതു സംയുക്ത ദേശങ്ങളായ സുറയ യു ടേയും കിലിക്യയുടേയും തലസ്ഥാനമായിരുന്നു. "സഹോദര ന്മാർ" എന്ന വാക്ക് അടിവരയിടുക; യെരുശലേമിലെ ക്രിസ്ത്യാനികൾ അന്ത്യോക്ക്യയിലെ

ക്രിസ്ത്യാനികളെ കുടുംബബന്ധത്തിൽ മനസിലാക്കി.

അടുത്തത് എഴുത്തിൽ ഊന്നിപ്പറഞ്ഞു അന്ത്യോക്യയിൽ വന്നവർ യെരുശലേം സഭയുടെ പ്രതിനിധികൾ ആയിരുന്നില്ല എന്ന് അവരെ ഓർപ്പിച്ചു:

> ഞങ്ങൾ കല്പന കൊടുക്കാതെ ചിലർ ഞങ്ങളുടെ ഇടയിൽ നിന്നു പുറപ്പെട്ടു നിങ്ങളെ വാക്കുകളാൽ ഭ്രമിപ്പിച്ചു നിങ്ങളുടെ ഹൃദയങ്ങളെ[21] കലക്കിക്കളഞ്ഞു എന്നു കേൾക്ക കൊണ്ടു, ഞങ്ങൾ ചില പുരുഷന്മാരെ തിരഞ്ഞെടുത്തു നമ്മുടെ കർത്താവായ യേശു വിന്റെ നാമത്തിനു വേണ്ടി പ്രാണത്യാഗം ചെയ്തവരായ, നമ്മുടെ പ്രിയ ബർന്നബാസും പൗലോസോടും[22] കൂടെ നിങ്ങളുടെ അടു ക്കൽ അയക്കേണം എന്നു ഞങ്ങൾ ഒരുമനപ്പെട്ടു നിശ്ചയിച്ചു, ആക യാൽ ഞങ്ങൾ യൂദയെയും ശീലാസിനെയും അയച്ചിരിക്കുന്നു, അവർ വാമൊഴിയായി ഇതു തന്നെ അറിയിക്കും (വാക്യങ്ങൾ 24 –27).

പൗലൊസിനോടും ബർന്നബാസിനോടും ഉള്ള ഉയർന്ന ബഹുമാനം അന്ത്യോക്യസഭ അവരോടു നിരന്നു കൊള്ളേണ്ട സൂചനയായിരുന്നു.

യാക്കൊബ് ശുപാർശ ചെയ്തതും ചേർത്താണ് എഴുത്ത് അവസാ നിപ്പിക്കുന്നത്:

> വിഗ്രഹാർപ്പിതം, രക്തം, ശ്വാസം മുട്ടി ചത്തത്, പരസംഗം എന്നിവ വർജ്ജിക്കുന്നത് ആവശ്യം എന്നല്ലാത്ത അധികമായ ഭാരം ഒന്നും നിങ്ങളുടെ മേൽ ചുമത്തരുതു എന്നു പരിശുദ്ധാത്മാവിനു ഞങ്ങൾക്കും തോന്നിയിരിക്കുന്നു ഇവ വർജ്ജിച്ചു സൂക്ഷിച്ചു കൊണ്ടാൽ നന്നു, ശുഭമായിരിപ്പിൻ (വാക്യങ്ങൾ 28, 29).

യെരുശലേമിലെ സഹോദരന്മാർ എഴുത്തിൽ മാത്രമല്ല ആശ്രയിച്ചത്; അവർ എഴുത്തോടു കൂടെ രണ്ടു പുരുഷന്മാരെയും അയച്ചു. അവരുടെ പ്രതികരണത്തിനു ഒരു *വ്യക്തിപരമായ സ്പർശം* നല്കി.

എഴുത്തുകൾക്കു നിശ്ചയമായും വിലയുണ്ട്.[23] എല്ലാം "എഴുതി രേഖ യാക്കുന്നതു നല്ലതാണ്" മറിച്ച്, ചിലപ്പോൾ എഴുത്തുകൾ വിവാദജ്വാ ലക്കു കൊടുക്കുന്നതിനു പകരം ജ്വലിപ്പിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട് – പ്രത്യേകിച്ചു ചൂടുപിടിച്ചെഴുതുന്ന എഴുത്തുകൾ[24] എഴുത്തുകളിൽ തെറ്റു കൾ – കടന്നു കൂടാം. എഴുത്തിലെ ഉള്ളടക്കം വായിക്കുന്ന ആൾ തെറ്റിദ്ധരിച്ചാൽ, അതു ഉദ്ദേശിച്ച അർത്ഥം വ്യക്തമാക്കുവാൻ എഴുതിയ ആൾ അവിടെ ഇല്ലല്ലൊ. വിമർശന വാക്കുകൾ എഴുത്തിൽ ഉണ്ടെങ്കിൽ, മുഖാമുഖം ചർച്ചയിൽ അതു "പറഞ്ഞില്ല" എങ്കിൽ, മറിച്ച് എഴുത്തു കിട്ടുന്ന ആൾ ആവർത്തിച്ചു ഓരോ പ്രാവശ്യം അതു വായിച്ച്, കൂടുതൽ അസന്തുഷ്ടനാകും.[25]

നിങ്ങൾ ഒരു സഭാവിവാദത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, എഴുത്തുകളെ സംബന്ധിച്ച് രണ്ടു കാര്യങ്ങൾ അടങ്ങുന്നതാണ് എന്റെ ഉപദേശം:

(1) നിങ്ങൾക്ക് ഒരു എഴുത്ത് എഴുതണം എങ്കിൽ, യെരുശലേമിൽ നിന്നു തയ്യാറാക്കിയതു *പോലെ* മൃദുലമാക്കുക. പൊതുവായ ഒരു നിയമം പോലെ, നിങ്ങൾ കലക്കത്തിലിരിക്കുമ്പോൾ എഴുത്ത് എഴുതാതിരിക്കുക; അല്ലെങ്കിൽ അങ്ങനെ എഴുതുകയാണെങ്കിൽ, കുറെ ദിവസം കാത്തിരുന്ന് അയക്കുന്നതിനു മുമ്പ് വീണ്ടും വായിക്കുക. (2) നേരിട്ട് ആ കക്ഷിയുമായി സംസാരിക്കുവാൻ പറ്റുമെങ്കിൽ, എഴുത്ത് എഴുത*രുത്.* ചിലർ എതിർത്തേക്കാം, "എന്നാൽ ഒരാളെ നേരിട്ട് കാണുമ്പോൾ എനിക്ക് ചിന്തിച്ച് അയാളോട് എഴുത്തിൽ പ്രകടിപ്പിക്കുന്നതുപോലെ കഴിയുകയില്ല" അങ്ങനെയെങ്കിൽ യെരുശലേമിലെ സഹോദരന്മാരിൽ നിന്നു പഠിക്കുക: എഴുത്ത് എഴുതുക, എന്നാൽ അതു *നേരിട്ടു കൊടുക്കുക*, അതു വായിക്കുമ്പോൾ അവിടെ നിന്നുള്ള ചോദ്യങ്ങൾക്ക് മറുപടി നല്കുക.

നിങ്ങൾ മറ്റുള്ളവരുമായി ഇടപെടുമ്പോൾ, എല്ലായ്പ്പോഴും വ്യക്തിപരമായ സ്പർശനം സൂക്ഷിക്കുക!

## ക്രിയാത്മക മനോഭാവം സൂക്ഷിക്കുക
## (15:30-35)

വിശ്വസിച്ചാലും ഇല്ലെങ്കിലും വിവാദത്തിൽ നിന്നു നല്ലതു വരാം – അതു നാം ക്രിയാത്മക മനോഭാവത്തിൽ കാര്യങ്ങൾ ശരിയായി കൈകാര്യം ചെയ്താൽ. വിവാദം താമസിയാതെ പരിഹരിച്ചില്ലെങ്കിൽ തുറന്ന പ്രശ്നങ്ങൾക്കിരയാകും. വിവാദങ്ങൾ, പ്രശ്നങ്ങളെ വീണ്ടും പഠിക്കുവാൻ നമ്മെ നിർബന്ധിതരാക്കും – ദൈവേഷ്ടം മനസിലാക്കുവാൻ നമ്മെ അതു കൂടുതൽ അടുപ്പിക്കും. നാം ഉപേക്ഷിച്ചതായ ബന്ധങ്ങളെ കാര്യക്ഷമമാക്കുവാൻ വിവാദങ്ങൾ നമ്മെ നിർബന്ധിക്കും. പ്രവൃത്തികൾ 15 ലെ വിവാദം ശരിയായി കൈകാര്യം ചെയ്തതിലെ ക്രിയാത്മക ഫലങ്ങൾ 30 മുതൽ 35 വരെയുള്ള വാക്യങ്ങളിൽ പറയുന്നുണ്ട്.

(1) അവിടെ സന്തോഷമുണ്ടായി പൗലൊസും, ബർന്നബാസും യെരുശലേമിൽ നിന്നുള്ള പ്രതിനിധികളും "അങ്ങനെ അവർ വിടവാങ്ങി അന്ത്യോക്ക്യയിൽ ചെന്നു ജനസമൂഹത്തെ കൂട്ടി വരുത്തി ലേഖനം കൊടുത്തു, അവർ ആ ആശ്വാസ വചനം വായിച്ചു സന്തോഷിച്ചു" (വാക്യങ്ങൾ 30, 31). അന്ത്യോക്ക്യയിലെ സഹോദരന്മാർ സന്തോഷിക്കാതിരിക്കാൻ കാരണം അവർ ന്യായപ്രമാണം പാലിക്കേണ്ടതില്ല; അവർ പ്രോത്സാഹിക്കപ്പെട്ടതിന്റെ കാരണം വിവാദം തീർന്നതുകൊണ്ട്, ആവശ്യപ്പെട്ട കാര്യങ്ങൾ ബുദ്ധിമുട്ടുള്ളവ ആയിരുന്നില്ല എന്നതും സന്തോഷിക്കാൻ കാരണമായി.[26]

(2) ദൈവ വചനം തുടർച്ചയായി പ്രസംഗിച്ചു കൊണ്ടിരുന്നു "യൂദയും ശീലാസും പ്രവാചകന്മാർ ആകകൊണ്ട് പല വാക്കുകളാലും സഹോദരന്മാരെ പ്രബോധിപ്പിച്ച് ഉറപ്പിച്ചു"[27] (വാക്യം 32) വാക്യം 35 പറയുന്നതു, "പൗലൊസും ബർന്നബാസും അന്ത്യോക്ക്യയിൽ പാർത്തു മറ്റു പലരോടും കൂടി കർത്താവിന്റെ വചനം ഉപദേശിച്ചും[28] സുവിശേഷീകരിച്ചു കൊണ്ടിരുന്നു എന്നാണ്."

(3) യെഹൂദന്മാരും ജാതികളും തമ്മിലുള്ള ബന്ധം ശക്തിപ്പെട്ടു. വാക്യം 33 പറയുന്നു "കുറെ നാൾ [യൂദയും ശീലാസും] താമസിച്ച ശേഷം സഹോ

ദരന്മാർ അവരെ അയച്ചവരുടെ അടുക്കലേക്ക് സമാധാനത്തോടെ പറഞ്ഞയച്ചു" എന്നാണ്.[29] "സമാധനത്തോടെ അയച്ചവരുടെ അടുക്കലേക്ക്" എന്നതു സൂചിപ്പിക്കുന്നത് അന്ത്യോക്ക്യയിലെ സഹോദരന്മാർ തങ്ങളുടെ അടുക്കൽ വന്നവരെയും, അയച്ചവരെയും അഭിനന്ദിച്ചു എന്നാണ്.[30]

വിവാദ മദ്ധ്യത്തിൽ ക്രിയാത്മക സമീപനം സൂക്ഷിക്കുക പ്രയാസമാണ്. കർത്താവിന്റെ വാഗ്ദത്തം മുറുകെ പിടിച്ചാൽ അവൻ "സകലവും നന്മക്കായി വ്യാപാരിക്കുവാൻ കാരണമാകും" (റോമർ 8:28) – പിന്തിരിഞ്ഞു കളയരുത്!

**ഉപസംഹാരം**

ഇടവക വിവാദത്തെ കൈകാര്യം ചെയ്യുവാൻ സഹായകരമായ പല തത്വങ്ങളും നമ്മുടെ പ്രവൃത്തികൾ 15:1–35 വരെയുള്ള ഭാഗങ്ങൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തി – പ്രവൃത്തികൾ 15–ൽ പരിഹരിച്ച ഉപദേശപരമായ പ്രശ്നമായാലും, അഭിപ്രായ വ്യത്യാസമായാലും ശരിയാണ്. നാം പഠിച്ചതു എങ്ങനെ നമുക്കു ചുരുക്കാം? "ഐക്യതക്കു വേണ്ട ഫോർമുല" എനിക്കിഷ്ടമാണ്: "കൃപ പ്രസംഗിക്കയും സ്നേഹം[31] പരിശീലിക്കയും ചെയ്യുക" (വാക്യം 11). ഈ പാഠത്തിലും കഴിഞ്ഞതിലും, താഴ്മയുള്ളവരാകുവാനും, പരിഗണിക്കുവാനും, നിസ്വാർത്ഥരാകുവാനും, മൃദുലമാക്കുവാനും ഊന്നൽ കൊടുത്തതെല്ലാം – "സ്നേഹത്തിൽ" നമുക്കു ഒരുക്കുവാൻ കഴിയും. അഭിപ്രായ വ്യത്യാസത്തിന്റെ സ്വഭാവം എന്തായാലും, "നിങ്ങൾ ചെയ്യുന്നതെല്ലാം *സ്നേഹത്തിൽ ചെയ്വിൻ*" (1 കൊരിന്ത്യർ 16:14; എംഫസിസ് മൈൻ) നമ്മുടെ വാക്കുകളിലും പ്രവൃത്തികളിലും സ്നേഹം പ്രദർശിപ്പിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ!

---

കുറിപ്പുകൾ

[1]നിങ്ങളുടെ പഴയ നിയമത്തിൽ ആമോസ് 9:12–ൽ (അതു എബ്രായ വേദഭാഗത്തെ ആസ്പദമാക്കിയത്), എദോമ്യർക്കുള്ള വാക്യം കാണാം. സെപ്റ്റ്വജിന്റ് (ഗ്രീക്ക് തർജ്ജിമ) യിൽ സകല മനുഷ്യർക്കുള്ള പൊതുവായ വാക്യം ഉണ്ട്. യാക്കൊബ് സെപ്റ്റ്വജിന്റിൽ നിന്നാണ് എടുത്ത് സംസാരിക്കുന്നത്. [2]എഫ്.എഫ്.ബ്രൂസ് ഇങ്ങനെ പ്രിതിപാദിക്കയുണ്ടായി "എന്റെ പേർ വിളിച്ചിരിക്കുന്ന എല്ലാ ജാതികളും" (വാക്യം 17): "'എന്റെ നാമം ആവാഹിച്ചതായ എല്ലാജാതികളും' (അതായത്, സ്നാനത്തിൽ)" (*ദ ബുക്ക് ഓഫ് ദി ആക്ട്സ്* റെവ്.ഈഡി.*ദ ന്യൂ ഇന്റർ നാഷണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റ്മെന്റ്* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്.ഡബ്ലിയു.എം.ബി.എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1988], 294). [3]മിക്ക ആയിരമാണ്ട് വാഴ്ചക്കു മുമ്പുള്ള പഠനം നടത്തുന്നവർ പറയുന്നത് യേശു ഭൂമിയിൽ മടങ്ങിവരുമ്പോൾ, ആമോസ് 9:11, 12 നിറവേറുന്നതു ഭാവിയിലാണ്, യാക്കൊബ്, എങ്ങനെയായാലും, ദൈവം ഉദ്ദേശിച്ചതു ജാതികളോടും സുവിശേഷം അറിയിക്കുന്നതിനാണെന്നു തെളിയിച്ചു. യാക്കൊബ് പഠിപ്പിക്കുന്നതു ആമോസ് 9:11, 12 നിറവേറിയിരുന്നില്ല, എന്നായിരുന്നെങ്കിൽ ഒരു ജാതിയും ക്രിസ്ത്യാനിയായി തീരുകയില്ല (അതിൽ നമ്മളിൽ മിക്കപേരും ഉൾപ്പെടും)! [4]നാം കണ്ടതുപോലെ, ദാവീദിന്റെ സിംഹാസനത്തിന്റെ പുനരേകീകരണവും രാജ്യവും യേശുവിൽ നിറവേറിക്കഴിഞ്ഞു (1:6; 2:30; 3:21 ലെ നോട്ടു

കൾ മുൻപു പ്രസിദ്ധീകരിച്ച പ്രവൃത്തികളുടെ ലക്കത്തിൽ നോക്കുക). ദാവീദിന്റെ കൂടാരം വീണ്ടും പണിതും എന്നതു യെഹൂദന്മാർ തെറ്റിദ്ധരിച്ചു. അതു മശിഹയിൽ കൂടെയുള്ള യിസ്രായേലിന്റെ ഭാഗ്യാവസ്ഥയാണെന്ന് അവർ ധരിച്ചു. [5]ഗലാത്യർ 2:2-10 വരെയുള്ള സംഭവത്തിൽ സംസാരിക്കേണ്ടവരുടെ ക്രമം രഹസ്യയോഗത്തിൽ തീരുമാനിച്ചു കാണും, യാക്കൊബിന്റെ സംസാരം ജാതികളെ പരിഛേദന ഏല്പിക്കണമെന്നതിനെ കുറിച്ച് ഘനമുള്ളതാകൊണ്ട് അവസാനമാക്കിയതാകാം. അതേ കാരണത്താൽ, ജാതികൾ ന്യായപ്രമാണം അനുസരിക്കേണ്ടതില്ല എന്നു ധൈര്യത്തോടെ പ്രസ്താവിപ്പാൻ യാക്കൊബിനെ നിയോഗിച്ചു. [6]മറ്റു രണ്ടു കാര്യങ്ങൾ പ്രത്യേകമായ യെഹൂദ - ജാതി ബന്ധത്തെപ്പറ്റിയുള്ളതാകയാൽ, ചിലർ വിശ്വസിക്കുന്നു "ദുർന്നടപ്പ് എന്ന വാക്ക് ഇവിടെ പ്രത്യേകിച്ച് ന്യായപ്രമാണം അനുസരിക്കേണ്ടതില്ല എന്നു ധൈര്യത്തോടെ പ്രസ്താവിപ്പാൻ യാക്കൊബിനെ നിയോഗിച്ചു. [7]ടിവി പരിപാടികൾ, സിനിമകൾ, പുസ്തകങ്ങൾ എന്നിവയുടെ നിർമ്മാതാക്കൾ മിക്കവരും ഏതാണ്ട് സുഖാനുഭൂതി വിഷയ കാഴ്ച്ചപ്പാടുള്ളവരാണ്. [8]ജോൺ വാഡി ഉദ്ധിരിച്ചു, "ദി ഡിസ്ക്കഷെൻ ഓവർ സർക്കം സിഷൻ ആന്റ് ലാ," *സ്റ്റഡീസ് ഇൻ ആക്ട്സ്* (ഡെന്റൺ ടെക്സസ്.: വാലിഡ് പബ്ലിക്കേഷൻസ്, 1985), 171. [9]വിഗ്രഹത്തിന്റെ മുൻപിൽ ഒരു മൃഗത്തെ യാഗം അർപ്പിക്കുമ്പോൾ, ആരാധകർ അതിന്റെ കുറെ രക്തം കുടിച്ചിരുന്നു. അതിനു പുറമെ, ശക്തിയുള്ള മൃഗത്തിന്റെ രക്തം കുടിക്കുന്ന പതിവു, അതിൽ നിന്നു വീര്യം ലഭിക്കുമെന്ന വിശ്വാസം ഉണ്ടായിരുന്നു. ഇതേ കാരണത്താൽ വീണ ശത്രുവിന്റെ രക്തം കുടിച്ചിരുന്നവരും ഉണ്ടായിരുന്നു. [10]ഇന്നു അമേരിക്കയിൽ അറുക്കുന്ന രീതി കാണാം, മറ്റു പല സമൂഹങ്ങളിലും (ഒരു പക്ഷെ മിക്കസ്ഥലങ്ങളിലും) ഇങ്ങനെയാണ്.

[11]അവർ ഒരു മൃഗത്തെ യാഗത്തിനായി അറുക്കുമ്പോൾ, രക്തം യാഗപീഠത്തിന്മേൽ ഒഴിക്കും. മാംസത്തിനു മൃഗത്തെ കൊല്ലുമ്പോൾ, അവർ രക്തം തറയിൽ ഒഴുക്കും. [12]ഒന്നാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലും ജാതികളുടെ ഇടവകകയിൽ അവർ പോരാടിയിരുന്നു ഇവ (വെളിപ്പാട് 2:14, 20 നോക്കുക). [13]രക്തം ഭക്ഷിക്കുന്നതു വിലക്കിയതു അറിയുവാൻ, ഉല്പത്തി 9:4 നോക്കുക. [14]യാക്കൊബ് എന്തുകൊണ്ടാണ് അങ്ങനെ അവസാനിപ്പിച്ചത് എന്നതിനെ കുറിച്ച് എഴുത്തുകാർ വിയോജിക്കുന്നുണ്ട്. പാഠത്തിൽ ഞാൻ നല്കിയ വിശദീകരണമാകാം ഒരു സാദ്ധ്യത. [15]പരിഛേദന - മുറുകെ പിടിച്ചവർ, യോഗത്തിന്റെ ഗതി ഈ രീതിയിൽ ഏകാഭിപ്രായത്തിലേക്ക് നീങ്ങിയപ്പോൾ സ്ഥലം വിജ്ജിക്കാം "സഭ ഒക്കെയും" എന്നത് ഓരോ വ്യക്തികളും യോജിച്ചു എന്നതിനേക്കാൾ പൊതുവായ ഒരു യോജിപ്പിലെത്തി എന്ന ആശയത്തിനു സാദ്ധ്യതയുണ്ട്. വേദഭാഗം സ്വാഭാവികമായി മനസിലാക്കുവാൻ, എങ്ങനെയായാലും, എല്ലാവരും മീറ്റിങ്ങ് അവസാനിക്കുന്നതുവരെയും അന്തിമ തീരുമാനം അംഗീകരിക്കുന്നതുവരെയും എന്നു വ്യക്തം. [16]വിശ്വാസ കാര്യങ്ങളിൽ, "ഭൂരിഭാഗം" എന്ന സ്ഥിതി പൊതുവിൽ തെറ്റാണ് (പുറപ്പാട് 23:2; മത്തായി 7:13, 14). [17]"ബർശബാസ് എന്നു വിളിക്കുന്ന യൂദയെ" കുറിച്ചു നമുക്ക് ഒന്നും അറിഞ്ഞുകൂടാ. അവന്റെ ഓമനപേർ ബർശബാസ് ("ശബ്ബത്തിന്റെ മകൻ") എന്നാകയാൽ എനിക്ക് ഊഹിക്കാൻ കഴിയുന്നില്ല. [18]ഇത് ശീലാസിനെ നമുക്ക് പരിചയപ്പെടുത്തുകയാണ്. അവൻ പിന്നീട് പൗലൊസിന്റെ സഹസഞ്ചാരിയായി തീരുന്നു. ശീലാസിനെക്കുറിച്ചു കൂടുതൽ അറിയുവാൻ, ഈ പാഠത്തിലെ "ഒരു പുതിയ സംഘവും കൂടുതലും" എന്നതു നോക്കുക. [19]"ലീഡിങ്ങ്" എന്നതു തർജ്ജിമ ചെയ്ത അതേ ഗ്രീക്കുവാക്കിൽ നിന്നാണ് "ലീഡേഴ്സ്" എന്ന എബ്രായർ 13:17ലേതും. ഇതു യൂദയും ശീലാസും യെരുശലേമിൽ മൂപ്പന്മാരായിരുന്നു എന്നു കരുതാവാൻ കാരണമായി: യെരുശലേം സഭക്കുവേണ്ടി രണ്ടു മൂപ്പന്മാരെ അവരുടെ പ്രതിനിധികളായി അയക്കുന്നതും അന്വർത്ഥം തന്നെ. [20]ഗലാത്യ, ഫ്രുഗ്യ എന്നിവിടങ്ങളിലും പൗലൊസ് ലേഖനം പങ്കിടുകയായി (16:4-6). ആ സമയത്ത്, അതെത്ര ദൂരെ ശത്രുക്കളെ എത്തിച്ചു എന്ന് നമുക്കറിയില്ല. തീർച്ചയായും, ലൂക്കൊസ് അതു പ്രവൃത്തികളിൽ ഉൾപ്പെടുത്തി അവസാനം ലോകത്തിലേക്കുമുള്ള സഹോദര വർഗ്ഗത്തിലെല്ലാം അയച്ചുകാണും.

[21]ഗ്രീക്കിൽ “ഡിസ്റ്റർബ്സ്” എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത്, “വിയോജിപ്പ്” എന്നത് അന്ത്യോക്യയിലെ വിവാദത്തിന്റെ തീവ്രതയെ സൂചിപ്പിക്കുന്നു. ഇടവകയെ ഭിന്നിപ്പിക്കുമെന്ന ഭീഷണി ഉയർത്തിയ വിവാദമായിരുന്നു അത്. [22]വീണ്ടും, ബർന്നബാസിന്റെ പേർ ആദ്യം പറയുവാനുള്ള കാരണം അവൻ യെരുശലേമിൽ പ്രഥമസ്ഥാനിയായിരുന്നു. [23]പുതിയ നിയമത്തിലെ ഇരുപത്തി - എഴു പുസ്തകങ്ങളിൽ ഇരുപത്തി - ഒന്നും ലേഖനങ്ങളാണ്. [24]ഈ ചർച്ച ഊമക്കത്ത് അയക്കുന്നതിനെപ്പറ്റി ഒന്നും പറയുന്നില്ല. ഒരു വിമർശനക്കത്ത് ഊമക്കത്തായി അയക്കുന്നതിനെക്കാൾ കുറച്ചു പ്രവൃത്തികളാണ് നല്ലതെന്ന് എല്ലാ ക്രിസ്ത്യാനികളും തിരച്ചറിഞ്ഞിരുന്നു! [25]വിവാദ എഴുത്തുകളുടെ മൂന്നാമത്തെ കുറവ് അതു സൂക്ഷിച്ച്, ഫയലിൽ വെക്കുവാനും എത്രപേർക്കു വേണമെങ്കിലും എത്തിച്ചു കൊടുക്കാം - തങ്ങളെ വിവാദത്തിന്റെ തീജ്വാലകൾ പടർത്താം. [26]തങ്ങൾക്കു ലഭിച്ച നിർദ്ദേശങ്ങളെ ജാതികളായ ക്രിസ്ത്യാനികൾ സന്തോഷത്തോടെ സ്വീകരിച്ചു. ഒരു വിവാദം പരിഹരിക്കണമെങ്കിൽ *രണ്ടു* കക്ഷികളും കുറച്ചു “വിട്ടുകളയാൻ” തയ്യാറാകണം. [27]“നീണ്ട സന്ദേശങ്ങൾ” ചിലപ്പോൾ ക്രമമായിരിക്കും (20:7 നോക്കുക). [28]പ്രവൃത്തികൾ 13:1. [29]ഒരു സാധാരണ യാത്രമൊഴിയായിരുന്നു “സമാധാനമായി പോകുക” എന്നത്. [30]ചില കയ്യെഴുത്തു പ്രതികളിൽ വാക്യം 34 ലെ വാക്കുകൾ ഉൾപ്പെടുന്നു “[ശീലാസിന് അവിടെ തന്നെ ആയിരിക്കുന്നതു നല്ലതാണെന്നു തോന്നി],” എന്നാൽ അധികം കയ്യെഴുത്തു പ്രതികളിലും ഈ വാക്കുകൾ ഇല്ല. ഒരു പക്ഷേ ശാസ്ത്രിമാർ സീലാസ് പൗലൊസിന്റെ രണ്ടാം മിഷണറിയാത്രക്ക് ലഭ്യമാണെന്ന് കാണിപ്പാൻ ചേർത്തതാകാം (15:40) മറ്റു സാദ്ധ്യതകളും, എങ്ങനെയായാലും ഉണ്ട്: ശീലാസ് അപ്പോൾ പോയിട്ട് പിന്നെ മടങ്ങിവന്നതാകാം, അല്ലെങ്കിൽ പൗലൊസ് യെരുശലേമിൽ ചെന്ന് ശീലാസിനെ വിളിച്ചതുമാകാം (അല്ലെങ്കിൽ യെരുശലേമിലേക്കു പോയി അവനെ കൊണ്ടു വന്നതാകാം).

[31]റിക്.ആച്ച്ലെ, “ദി കൺവെൻഷൻസ് സ്റ്റാൻഡ്,” എന്ന സതേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റ്, അബിലീൻ, ടെക്സാനിൽ 1986 ഏപ്രിൽ 20-ന് പ്രസംഗിച്ച പ്രസംഗത്തിൽ പറയുന്നു.